**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2968** **07.12.2018-ൽ മറുപടിക്ക്**

**ബാലവേല സംബന്ധിച്ച കേസ്**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഈ സർക്കാറിന്റെ കാലത്ത് ബാലവേല സംബന്ധിച്ച കേസുകളിൽ നടപടിയെടുക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഹോട്ടലുകളിലും മറ്റ് അപകടകരമായ തൊഴിൽ മേഖലകളിലും കുട്ടികളെ ജോലി ചെയ്യിപ്പിക്കുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) ഹോട്ടലുകളിലും മറ്റ് അപകടകരമായ തൊഴിൽ മേഖലകളിലും ബാലവേല ഉണ്ടോ എന്നുള്ളത് ജില്ലാ ലേബർ ഓഫീസർമാർ നടത്തുന്ന സ്ക്വാഡ് പരിശോധനകളിലും, അസിസ്റ്റന്റ് ലേബർ ഓഫീസർമാർ നടത്തുന്ന പരിശോധനകളിലും ശ്രദ്ധിക്കാറുണ്ട്. അന്താരാഷ്ട്ര ബാലവേല ദിനാചരണത്തിന്റെ ഭാഗമായി വിവിധ തൊഴിൽ മേഖലകളിലെ തൊഴിലുടമകളേയും, തൊഴിലാളികളേയും ഉൾപ്പെടുത്തി ജില്ലകളിൽ ബോധവൽക്കരണ ക്യാമ്പുകളും, സെമിനാറുകളും സംഘടിപ്പിച്ചിട്ടുള്ളതുമാണ്. ബാലവേലയ്ക്ക് എതിരെയുള്ള പ്രവർത്തനങ്ങൾക്കായി ജില്ലാ കളക്ടർ ചെയർമാനായി ടാസ്ക്ഫോഴ്സും രൂപികരിച്ചിട്ടുണ്ട്. "ബാലവേല അരുത്" എന്ന സ്റ്റിക്കർ എല്ലാ വ്യാപാരസ്ഥാപനങ്ങളിലും പതിപ്പിക്കുകയും ബാലവേല വിരുദ്ധ ദിനത്തോടനുബന്ധിച്ച് സ്കൂളുകളിൽ പ്രതിജ്ഞകൾ, മൈക്ക് അനൗൺസ്മെന്റ്, റോഡ് ഷോകൾ, ജാഥകൾ എന്നിവ എല്ലാ വർഷവും നടത്തുന്നുണ്ട്. കൂടാതെ, ചൈൽഡ് ലൈനിന്റെയും ജില്ലാ പോലീസ് സംവിധാനത്തിന്റെയും അധീനതയിൽ പ്രവർത്തിച്ചുവരുന്ന ആന്റി ചൈൽഡ് ട്രാഫിക്കിംഗ് സ്ക്വാഡും ഇതിനായി പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.